## 2018 ഒക്ടോബർ 17 ൽ മാതൃഭൂമി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം

---

## മോശമാകുന്ന സാമ്പത്തിക സ്ഥിതിയും ജനങ്ങളുടെ അതൃപ്തിയും

# രാഷ്ട്രീയ മാറ്റം ഉണ്ടാക്കുമോ?

### ഡോ. ബി. എ. പ്രകാശ്

രാജ്യത്തെ പൊതുസാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള വിലയിരുത്തലും അത് ജനങ്ങളെ എങ്ങനെ ബാധിച്ചുവെന്നും ചൂണ്ടിക്കാണിക്കുന്ന അഭിപ്രായസർവ്വേയാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നടത്തുന്ന കൺസ്യൂമർ കോൺഫിഡൻസ് സർവ്വേ. ഇന്ത്യയിലെ 6 പ്രധാന നഗരങ്ങളിൽ നടത്തി വന്ന ഈ സർവ്വേ അതിന്റെ അവസാന റൗണ്ടിൽ 13 നഗരങ്ങളിൽ നടത്തുകയുണ്ടായി. മൂന്നു മാസത്തിൽ ഒരിക്കൽ നടത്തുന്ന സർവേയിൽ പൊതു സാമ്പത്തിക സ്ഥിതി, തൊഴിൽ, വരുമാനം, ചെലവ്, വിലനിലവാരം എന്നിവയെക്കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായം ലഭ്യമാണ്. ഒരു വർഷത്തിനു മുൻപുള്ള സ്ഥിതിയുമായുള്ള താരതമ്യം, ഒരു വർഷം കഴിയുമ്പോൾ സാമ്പത്തിക രംഗത്ത് പ്രതീക്ഷിക്കുന്ന മാറ്റം എന്നിവ ഈ അഭിപ്രായസർവ്വേയിലൂടെ ലഭിയ്ക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളെ ഈ സർവ്വേയിൽ ഉൾപ്പെടുത്താത്തതുകൊണ്ട് ഇതിലെ നിഗമനങ്ങൾ രാജ്യത്തെ മുഴുവൻ ജനങ്ങളുടെ അഭിപ്രായമായി കാണാൻ കഴിയില്ലെങ്കിലും ഇത് നഗരപ്രദേശങ്ങളുടെ അഭിപ്രായം വ്യക്തമായി നൽകുന്നു. ഈ സർവ്വേ വരച്ചുകാട്ടുന്ന രാജ്യത്തെ മോശമാകുന്ന സാമ്പത്തികസ്ഥിതിയും അതിൽ ജനങ്ങൾക്കുള്ള അതൃപ്തിയെയും അവ രാഷ്ട്രീയ രംഗത്ത് ഉണ്ടാക്കാൻ ഇടയുള്ള മാറ്റങ്ങളെയും ചർച്ച ചെയ്യുകയാണ് ഈ ലേഖനത്തിൽ.

### സാമ്പത്തിക സ്ഥിതി മോശം തന്നെ

2014 മാർച്ചിനു ശേഷമുള്ള കാലഘട്ടത്തെ ഈ അഭിപ്രായ സർവ്വേയുടെ നിഗമനങ്ങൾ പരിശോധിച്ചാൽ നോട്ടുനിരോധനം നടപ്പിലാക്കിയതിന് ശേഷമുള്ള കാലഘട്ടത്തിലാണ് പൊതുവിൽ സാമ്പത്തിക നില മോശമായി കാണപ്പെട്ടത്. അതിനാൽ 2016 സെപ്റ്റംബർ മാസത്തിനു ശേഷമുള്ള അഭിപ്രായ സർവ്വേയുടെ പ്രധാന നിഗമനങ്ങൾ താഴെ പറയുന്നു. സർവ്വേയിൽ സ്ഥിതി മെച്ചപ്പെട്ടു; മാറ്റമില്ലാതെ തുടരുന്നു; സ്ഥിതി മോശമായി എന്നീ അഭിപ്രായങ്ങളാണ് സർവ്വേയിൽ പങ്കെടുത്തവരോട് ആരാഞ്ഞിട്ടുള്ളത്.

- മൊത്തം സർവ്വേയിൽ പങ്കെടുത്തവരിൽ പൊതു സാമ്പത്തിക സ്ഥിതി മോശമായി എന്ന് പറഞ്ഞവരുടെ വിഹിതം, 2016 സെപ്റ്റംബറിൽ 25% ആയിരുന്നത് ഏതാണ്ട് തുടർച്ചയായി വർദ്ധിച്ച് 2018 സെപ്റ്റംബറിൽ 43% ആയി.

- പൊതു സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടു എന്ന് അഭിപ്രയപ്പെട്ടവരുടെ വിഹിതം 45% ആയിരുന്നത് ഏതാണ്ട് തുടർച്ചയായി കുറഞ്ഞ് 34% ആയി.

- തൊഴിൽ നില ഏതാണ്ട് തുടർച്ചയായി മോശപ്പെട്ടു എന്നാണു സർവ്വേയിൽ പങ്കെടുത്ത നല്ലൊരു ശതമാനം പേരും അഭിപ്രായപ്പെട്ടത്. 2016 സെപ്റ്റംബറിൽ ഇവരുടെ വിഹിതം 32% ആയിരുന്നത് 2018 സെപ്റ്റംബറിൽ 46% ആയി വർധിച്ചു.

- ഈ കാലയളവിൽ പൊതുവിൽ വില വർദ്ധിക്കുകയും ജനങ്ങളുടെ സാമ്പത്തിക ബാധ്യത കൂടുകയും ചെയ്തുവെന്നാണ് സർവ്വേയിൽ പങ്കെടുത്ത നാലിൽ മൂന്നിലധികം പേരും അഭിപ്രായപ്പെട്ടത്. ഇവരുടെ വിഹിതം 2016 സെപ്റ്റംബറിൽ 78% ആയിരുന്നത് 2018 സെപ്റ്റംബറിൽ 88 ശതമാനമായി വർധിച്ചു.

- വരുമാനത്തിന്റെ കാര്യത്തിൽ ഈ കാലയളവിൽ വരുമാനം കുറയുന്നവരുടെ വിഹിതം വർദ്ധിക്കുകയും വരുമാനവർധന ഉണ്ടായവരുടെ വിഹിതം കുറയുകയുമാണ് ഉണ്ടായിട്ടുള്ളത്.

- വരുമാനത്തിന്റെ കാര്യത്തിൽ ഇടിവ് അനുഭവപ്പെടുമ്പോഴും ചെലവിന്റെ കാര്യത്തിൽ ഗണ്യമായ വർധനവ് ആണ് ഉണ്ടായിട്ടുള്ളത്. മുകളിൽ വിവരിച്ചതിൽ നിന്ന് രാജ്യത്തിന്റെ നഗര പ്രദേശങ്ങളിലുള്ള ജനങ്ങളുടെ സാമ്പത്തിക സ്ഥിതി മോശമാകുന്നുവെന്നും തൊഴിലും വരുമാനവും ഇടിയുന്നുവെന്നും വിലകയറ്റവും മറ്റും മൂലമുള്ള സാമ്പത്തിക ബാധ്യതകൾ വർധിക്കുന്നു എന്ന സ്ഥിതിയാണ് ഈ സർവ്വേകൾ ചൂണ്ടിക്കാണിയ്ക്കുന്നത്. ഇതിൽ ഉൾപ്പെടാത്ത ഗ്രാമീണ ജനതയുടെയും സ്ഥിതിയും മോശമാണ്.

ഇന്ത്യയിലെ മൊത്തം ജനസംഖ്യയായ 121 കോടിയിൽ 83 കോടിയിലധികം ജനങ്ങളും ജീവിയ്ക്കുന്ന ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തിക സ്ഥിതി ഇതിനേക്കാൾ മോശമെന്നാണ് ഏതാണ്ട് എല്ലാ മാധ്യമറിപ്പോർട്ടുകളും പഠനങ്ങളും സൂചിപ്പിയ്ക്കുന്നത്.

## സർക്കാർ പറയുന്നത്

എന്നാൽ സാമ്പത്തിക സ്ഥിതിയെ പറ്റി കേന്ദ്ര സർക്കാരിന്റെ അഭിപ്രായം വ്യതസ്തമാണ്. ഇന്ത്യ ലോകത്തിന്റെ ഏറ്റവും ഉയർന്ന വളർച്ചയുള്ള രാജ്യമായി മാറിയിരിയ്ക്കുന്നു.

ലോകത്തിലെ ആറാം വലിയ സമ്പദ്ഘടനയാണ് ഇന്ത്യ. ഇന്ത്യയുടെ അതിവേഗ വളർച്ചയ്ക്ക് വേണ്ടി വൻ സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി കൊണ്ടിരിയ്ക്കുന്നുവെന്ന് കേന്ദ്രസർക്കാർ പറയുന്നു. "വികസനം, അതിവേഗ വികസനം, എല്ലാവര്ക്കും വികസനം" എന്നതാണ് അടിസ്ഥാന വികസന ദർശനം. അഴിമതിയും, കള്ളപണവും, കള്ളനോട്ടും, തീവ്രവാദ ധനസഹായവും ഇല്ലാതാക്കാൻ വേണ്ടി രാജ്യത്ത് നിലവിൽ ഉണ്ടായിരുന്ന 86 ശതമാനത്തോളം 500, 1000 രൂപ കറൻസികൾ നിരോധിച്ചു. ഏറ്റവും വലിയ നികുതി പരിഷ്ക്കരണമായ ചരക്കു സേവന നികുതി (ജി.എസ്.ടി.) നടപ്പിലാക്കി.

പെട്രോളിന്റെയും, ഡീസലിന്റെയും വില നിയന്ത്രണം പൂർണമായി മാറ്റി. ഡീസലിന്റെയും പെട്രോളിൻറെയും വില ദിവസം തോറും മാറ്റാനുള്ള സ്വാതന്ത്ര്യം എണ്ണ കമ്പനികൾക്ക് നൽകി.

ഇന്ത്യയിലെ വ്യവസായ വളർച്ചയ്ക്ക് 'മേയ്ക്ക് ഇൻ ഇന്ത്യ' പദ്ധതി നടപ്പിലാക്കി. ബിസിനസ് നടത്താനായിട്ടുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു. വിദേശ നിക്ഷേപം ആകർഷിക്കാൻ കൂടുതൽ അനുകൂലമായ നടപടികൾ സ്വീകരിച്ചു. ഗ്യാസ് സബ്സിഡിയുടെ ചോർച്ച ഒഴിവാക്കാൻ നേരിട്ടുള്ള സബ്സിഡി വിതരണ പദ്ധതി നടപ്പിലാക്കി.

ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ പദ്ധതിയായ 'ആയുഷ്മാൻ ഭാരത്' നടപ്പിലാക്കി തുടങ്ങി. സ്വകാര്യ വ്യവസായ യൂണിറ്റുകളെ തകർച്ചയിൽ നിന്നും രക്ഷിക്കാൻ അവയുടെ തിരിച്ചടയ്ക്കാൻ കഴിയാത്ത വായ്പകളെ എൻ.പി.എ. ആക്കി മാറ്റി. ഇതുമൂലം പൊതുമേഖല ബാങ്കുകളുടെ എൻ.പി.എ. 6.17 ലക്ഷം കോടിയായി വർധിച്ചു. ഇന്ത്യയിലെ ദാരിദ്ര്യം മാറ്റാൻ ഒട്ടനവധി കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി. പൊതുമേഖല സ്ഥാപനങ്ങളെ വിൽക്കുന്നതിൽ റെക്കോർഡ് നേട്ടം ഉണ്ടാക്കി. 2017-18 ൽ ഇതുമൂലം ഒരുലക്ഷം കോടിയുടെ വരുമാനം നേടി.

**പ്രഖ്യാപനങ്ങളും യാഥാർഥ്യവും**

സാമ്പത്തിക വികസന നേട്ടങ്ങളെക്കുറിച്ച് ഭരണത്തിലുള്ള കേന്ദ്രസർക്കാരിന്റെ പ്രഖ്യാപനങ്ങളും യാഥാർത്യവും തമ്മിൽ വൻ അന്തരം ഉണ്ട്. സാമ്പത്തിക യാഥാർത്യങ്ങളെയും ജനങ്ങളുടെ അഭിപ്രായങ്ങളെയും കുറിച്ചുള്ള ഒരു ചിത്രമാണ് ആർ.ബി.ഐ സർവ്വേ നൽകുന്നത്. ജനങ്ങൾ സാമ്പത്തിക രംഗത്ത് അഭിമുഖീകരിയ്ക്കുന്ന രൂക്ഷപ്രശ്നങ്ങൾ - കുറയുന്ന തൊഴിലവസരങ്ങൾ, വർദ്ധിയ്ക്കുന്ന തൊഴിലില്ലായ്മ, കുറയുന്ന വരുമാനം, വർധിക്കുന്ന ജീവിതചെലവുകൾ, വിലകയറ്റം സൃഷ്ടിക്കുന്ന അധിക സാമ്പത്തിക ബാധ്യതകൾ - തുടങ്ങിയവ വലിയ അസംതൃപ്തിയാണ് ജനങ്ങളിൽ സൃഷ്ടിച്ചിട്ടുള്ളത്. ഇതിനേക്കാൾ വളരെ മോശമായ സാമ്പത്തിക സ്ഥിതിയാണ് ഗ്രാമപ്രദേശങ്ങളിൽ നിലനിൽക്കുന്നത്. ഇത് ഒറ്റപ്പെട്ടതോ, ഒന്നോ രണ്ടോ മാസങ്ങൾ കൊണ്ട് ഉണ്ടായ പ്രശ്നങ്ങളല്ല. കഴിഞ്ഞ രണ്ടു വർഷമായി തുടർച്ചയായി സാമ്പത്തിക നില മോശമായിക്കൊണ്ടിരിയ്ക്കുന്നു എന്ന് ആർ.ബി.ഐ. സർവ്വേ പറയുന്നു.

**തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചേക്കും**

മോശമായി തുടരുന്ന പൊതു സാമ്പത്തിക സ്ഥിതിയും അത് സൃഷ്ടിക്കുന്ന ജനങ്ങളുടെ ദുരിതവും അതൃപ്തിയും രാഷ്ട്രീയ രംഗത്ത് മാറ്റം ഉണ്ടാക്കുമെന്നാണ് ഇന്ത്യയിലെ തെരഞ്ഞെടുപ്പ് ചരിത്രം കാണിയ്ക്കുന്നത്. ഒരു ജനാധിപത്യ രാജ്യത്ത് അധികാരത്തിലിരിയ്ക്കുന്ന ഒരു സർക്കാരിനെതിരെ ജനങ്ങളുടെ അതൃപ്തിയും രോഷവും പ്രതിഫലിയ്ക്കുന്നത് ആ സർക്കാർ തെരഞ്ഞെടുപ്പിനെ നേരിടുമ്പോൾ ആണ്. ഉയർന്ന തോതിലുള്ള സാമ്പത്തിക വളർച്ച, വികസനം, തൊഴിലവസരങ്ങളുടെ വർധന, ജനങ്ങളുടെ വർദ്ധിയ്ക്കുന്ന വരുമാനം, നിത്യോപയോഗ സാധനങ്ങളുടെ വിലസ്ഥിരത, പൊതുവിലെ സമൃദ്ധി തുടങ്ങി മെച്ചമായ സാമ്പത്തിക നിലയുള്ള

സമയത്ത് നടക്കുന്ന തെരഞ്ഞെടുപ്പിൽ അധികാരത്തിലുള്ള പാർട്ടിക്കോ മുന്നണിയ്ക്കോ അനുകൂലമായ ജനവിധിയാണ് സാധാരണ ഗതിയിൽ ഉണ്ടാകാറുള്ളത്. തെരഞ്ഞെടുപ്പിനെ സ്വാധീനിയ്ക്കുന്ന മറ്റ് ഘടകങ്ങളേക്കാൾ (പാർട്ടിയുടെ തത്വശാസ്ത്രം, പ്രകടന പത്രിക, മത്സരിയ്ക്കുന്ന വ്യക്തിയുടെ യോഗ്യത, അഴിമതി രഹിത ഭരണം, ജാതി മത പ്രാദേശിക താൽപ്പര്യങ്ങൾ, നേതാവിന്റെ വ്യക്തി പ്രഭാവം തുടങ്ങിയവ) പ്രാധാന്യം ഈ ഘടകത്തിനായിരിയ്ക്കും. ഈ തത്വം വിരൽ ചൂണ്ടുന്നത് നിലവിലെ മോശമായ സാമ്പത്തിക സ്ഥിതി രാഷ്ട്രീയ മാറ്റങ്ങൾക്ക് ഇടയാക്കുമെന്നാണ്. ഇപ്പോൾ പ്രഖ്യാപിച്ചിരിയ്ക്കുന്ന സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പിലും വരാനിരിയ്ക്കുന്ന ലോകസഭതെരഞ്ഞെടുപ്പിലും ഇതുമൂലം രാഷ്ട്രീയ മാറ്റങ്ങളും ഭരണ മാറ്റങ്ങളും ഉണ്ടാകുമെന്നത് തർക്കമില്ലാത്ത കാര്യമാണ്.

**(അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷൻ അധ്യക്ഷനായിരുന്നു ലേഖകൻ)**